"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ശബരി പി.ടി.ബി.എസ് ഹയർ സെക്കന്ററി സ്കൂളിലെ ലാബ് അസിസ്റ്റന്റായ ശ്രീ.എ.എൻ.പ്രസാദ് മുതൽപേർ ഫയൽ ചെയ്ത WPC 33485/2024-യിലെ 30.09.2024 തീയതി ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.6110/2025/GEDN തീയതി,തിരുവനന്തപുരം, 01-09-2025

---

പരാമർശം:-

1. WPC 33485/2024-യിലെ 30.09.2024 തീയതിയിലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 10-04-2025 തീയതിയിലെ HSE/3460/2025-AcdA2 നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഇഎം1/21545/2024/ഡി.ജി.ഇ നമ്പർ കത്ത്.
4. മലപ്പുറം ഹയർ സെക്കൻററി വിഭാഗം മേഖലാ ഉപമേധാവിയുടെ 07-04-2025 തീയതിയിലെ RDDHSE/MLPM/5446/2024-D നമ്പർ കത്ത്.
5. മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 17.10.2024 തീയതിയിലെ റിപ്പോർട്ട്.

**ഉത്തരവ്**

ശബരി പി.ടി.ബി.എസ് ഹയർ സെക്കന്ററി സ്കൂളിലെ ലാബ് അസിസ്റ്റന്റായ ശ്രീ.എ.എൻ.പ്രസാദ് മുതൽപേർ ഫയൽ ചെയ്ത WPC 33485/2024-യിലെ 30.09.2024 തീയതി ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായ പ്രകാരം, എക്സിബിറ്റ് പി -24 റിവിഷൻ ഹർജി, ഹർജിക്കാരെയും ബന്ധപ്പെട്ടവരെയും നേരിൽകേട്ട് 01.06.2024ലെ സ.ഉ.(കൈ)

നം.54/2024/പൊവിവ പ്രകാരം ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുവാൻ ഒന്നാം എതിർകക്ഷി സർക്കാരിനോട് നിർദ്ദേശം നൽകിയിരുന്നു.

2. സർക്കാർ ഹർജിക്കാരെയും ബന്ധപ്പെട്ടവരെയും വിദ്യാഭ്യാസ അധികാരികളെയും 24.10.2024 ന് ഈ വിഷയം നേരിൽ കേട്ടു.

3. ഹർജിക്കാരുടെ വാദഗതികൾ ഇപ്രകാരമാണ്

(1) ശ്രീ.എ.എൻ.പ്രസാദ്

i) ശ്രീ.സജിമോന്റെ സ്ഥാനക്കയറ്റ ഒഴിവിലുള്ള നിയമനം ആകയാൽ ശ്രീ.എ.എൻ.പ്രസാദിന്റെ എഫ്.ടി.എം നിയമനം 21.12.2017 മുതൽക്ക് ശമ്പളാനുകൂല്യത്തോടെ അംഗീകരിക്കേണ്ടതാണ്.

ii) ശ്രീ.എ.എൻ.പ്രസാദിന്റെ എഫ്.ടി.എം നിയമനം 21.12.2017 മുതൽക്ക് തുടർച്ചയായി അംഗീകരിച്ചിട്ടുള്ളത് കണക്കിലെടുത്ത് ടിയാനെ എഫ്.ടി.എം തസ്തികയിൽ 21.12.2017 മുതൽ 14.07.2021 വരെ നിലനിർത്തി അംഗീകരിക്കുന്നതിനും.

iii) 15.07.2021 (FN) മുതൽക്ക് ശ്രീ.എ.എൻ.പ്രസാദിനെ എഫ്.ടി.എം തസ്തികയിൽ നിന്നും റിലീവ് ചെയ്ത് Direct Method ൽ ലാബ് അസിസ്റ്റന്റ് ആയി PTBSHSS അടയ്ക്കാപുത്തൂരിൽ നിയമിച്ചിട്ടുള്ളത് അംഗീകരിക്കുന്നതിനും അപേക്ഷിച്ചിട്ടുണ്ട്.

(2) ശ്രീ.എം.വി.ഗിരീഷ്

i) ശ്രീ.എം.വി.ഗിരീഷിന്റെ ശബരി എച്ച്.എസ്.എസ് പള്ളിക്കുറുപ്പിലെ എഫ്.ടി.എം തസ്തികയിലെ നിയമനം 15.07.2021 മുതൽക്ക് അംഗീകരിക്കേണ്ടതാണ്.

ii) ശ്രീ.എം.വി.ഗിരീഷിന്റെ 01.06.2023 മുതൽക്കുള്ള ഒ.എ തസ്തികയിലെ സ്ഥാനക്കയറ്റ നിയമനം അംഗീകരിക്കേണ്ടതാണ്.

(3) ശ്രീ.കെ.അജയ്

01.06.2011 മുതൽക്ക് എഫ്.ടി.എം ആയി സർവ്വീസിൽ തുടർന്നുവരുന്ന അജയ്.കെയ്ക്ക്

കെ.ഇ.ആർ അധ്യായം XIVA റൂൾ I (i) അവകാശി എന്ന നിലയിൽ ടിയാന്റെ L.G(Hindi) ആയുള്ള നിയമനം 15.07.2021 മുതൽക്ക് അംഗീകരിക്കേണ്ടതാണ്.

(4) ശ്രീ.ഗിരിനാഥ്.ടി

i) ശ്രീ.ഗിരിനാഥ്.ടിയുടെ 01.12.2021 മുതൽക്കുള്ള എഫ്.ടി.എം നിയമനം അംഗീകരിക്കേണ്ടതാണ്.

ii) 01.06.2024 മുതൽക്കുള്ള ഓഫീസ് അറ്റൻഡന്റായുള്ള സ്ഥാനക്കയറ്റ നിയമനം അംഗീകരിക്കേണ്ടതാണ്.

iii) 12.07.2021 മുതൽ 09.10.2021വരെയും 20.10.2021 മുതൽ 27.11.2021 വരെയും ഉള്ള കാലയളവിൽ ഒ.എ തസ്തികയിലുള്ള സ്ഥാനക്കയറ്റ നിയമനവും അംഗീകരിക്കേണ്ടതാണ്.

(5) ശ്രീ.എം.ആർ.അജീഷ്

അനൂപ് .സി.ജെയുടെ ഒ.എ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റ നിയമനം ഇതിനകം അംഗീകരിച്ചിട്ടുള്ളതിനാൽ ശ്രീ.എം.ആർ.അജീഷ്ന്റെ 01.11.2022 മുതൽക്കുള്ള എഫ്.ടി.എം നിയമനം അംഗീകരിക്കണമെന്ന് അപേക്ഷിച്ചിട്ടുണ്ട്.

(6) ശ്രീ.വിഷ്ണു.എം.ആർ

15.07.201 മുതൽക്കുള്ള എഫ്.ടി.എം തസ്തികയിൽ നിയമനാംഗീകാരവും 13.09.2022 മുതൽക്കുള്ള രാജിയും അംഗീകരിക്കേണ്ടതാണ്.

(7) അഖിൽ കൃഷ്ണ

01.01.2024 മുതൽക്കുള്ള എഫ്.ടി.എം തസ്തികയിലെ നിയമനം അംഗീകരിക്കേണ്ടതാണ്.

(8) ശ്രീമതി.ഗീത.പി

01.06.2024 മുതൽക്കുള്ള എഫ്.ടി.എം തസ്തികയിലെ നിയമനം അംഗീകരിക്കേണ്ടതാണ്.

4. വിദ്യാഭ്യാസഅധികാരികൾ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് ചെയ്തു.

4.1. പാലക്കാട് ജില്ലയിലെ പള്ളിക്കുറുപ്പ് ശബരി ഹൈസ്കൂളിൽ എഫ്.റ്റി.എം ആയ ശ്രീ.സജിമോന്റെ ലാബ് അസിസ്റ്റന്റായുള്ള സ്ഥാനക്കയറ്റ ഒഴിവിൽ ശ്രീ.പ്രസാദ്.എ.എൻനെ 21-12-2017 മുതൽ ഫുൾ ടൈം മീനിയലായി നിയമിക്കുകയും പ്രസ്തുത നിയമനം മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിലെ 04/06/2021 ലെ ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

4.2. പള്ളിക്കുറുപ്പ് ശബരി ഹൈസ്കൂളിൽ എഫ്.റ്റി.എം ആയ ശ്രീ.പ്രസാദ് എ.എൻനെ 01/06/2020 മുതൽ അടയ്ക്കാപുത്തൂർ ശബരി ഹൈസ്കൂളിലേക്ക് ലാബ് അസിസ്റ്റന്റായി സ്ഥലം മാറ്റിയ ഒഴിവിൽ ശ്രീ.ഗിരീഷ്.എം.വിയെ 01/06/2020 മുതൽ എഫ്.റ്റി.എം തസ്തികയിൽ മാനേജർ നിയമിച്ചു. എന്നാൽ പള്ളിക്കുറുപ്പ് ശബരി ഹൈസ്കൂൾ പുതുതായി ഉയർത്തപ്പെട്ട സ്കൂളുകളുടെ ഗണത്തിൽപ്പെടുന്നതാണ്. 01/06/2020ന് ശ്രീ.പ്രസാദ്.എം.എൻന്റെ ലാബ് അസിസ്റ്റന്റ് നിയമനം അംഗീകരിച്ച ഉത്തരവ് ലഭ്യമല്ല. 2020-21 വർഷത്തെ തസ്തിക നിർണ്ണയം സംബന്ധിച്ച ഉത്തരവുകളോ, നിർദേശങ്ങളോ ലഭിച്ചിട്ടില്ല. കോമൺ സീനിയോറിറ്റി ലിസ്റ്റ് സമർപ്പിച്ചിട്ടില്ല. കൂടാതെ ജെ2/57/2019 നമ്പർ സർക്കുലർ പ്രകാരം മാനേജർ നിയമനം നടത്തിയിട്ടില്ല എന്നീ കാരണങ്ങളാൽ ശ്രീ.ഗിരീഷ് എം.വിയുടെ നിയമനം മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. പ്രസ്തുത ഉത്തരവിനെതിരെ മാനേജർ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ മുമ്പാകെ അപ്പീൽ സമർപ്പിച്ചു. എന്നാൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനം നിരസിക്കാനുണ്ടായ കാരണങ്ങൾ നിലനിൽക്കുന്നതിനാൽ പ്രസ്തുത അപ്പീൽ വിദ്യാഭ്യാസ ഉപഡയറക്ടർ നിരസിച്ചു. തുടർന്ന് മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെ റിവിഷൻ ഹർജി സമർപ്പിച്ചു. പള്ളിക്കുറുപ്പ് ശബരി ഹൈസ്കൂൾ പുതുതായി ഉയർത്തപ്പെട്ട സ്കൂളുകളുടെ ഗണത്തിൽപ്പെടുന്നതാണ്. ശ്രീ.പ്രസാദ്.എ.എൻന്റെ സ്ഥാനക്കയറ്റം അംഗീകരിച്ചിട്ടില്ലാത്തതിനാൽ തസ്തികയും ഒഴിവും വ്യവസ്ഥാപിതമായിട്ടില്ല. അധ്യായം 21 ചട്ടം 7(3)a പ്രകാരം സംരക്ഷിതനെ നിയമിച്ചതായും കാണുന്നില്ല. 01/06/2020 മുതലുള്ള ടി നിയമനത്തിന് ഭിന്നശേഷി സംവരണ വ്യവസ്ഥ പാലിക്കേണ്ടതുണ്ട് എന്നീ കാരണങ്ങളാൽ പ്രസ്തുത റിവിഷൻ ഹർജി പൊതുവിദ്യാഭ്യാസ ഡയറക്ടർ നിരസിച്ചു.

4.3. പള്ളിക്കുറുപ്പ് ശബരി ഹൈസ്കൂളിലെ എഫ്.റ്റി.എം ആയിരുന്ന ശ്രീ.അനൂപ് സി.ജെ.-യെ ഓഫീസ് അറ്റൻഡന്റ് ആയി 01/11/2022 മുതൽ നിയമിച്ച ഒഴിവിൽ മാനേജർ ശ്രീ.അജീഷ്.എം.ആർനെ എഫ്.റ്റി.എം. ആയി 01/11/2022 മുതൽ നിയമിച്ചു. എന്നാൽ ചുവടെ ചേർക്കുന്ന കാരണങ്ങളാൽ പ്രസ്തുത നിയമനം മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ

നിരസിച്ചു.

i. ശ്രീ.അനൂപ്.സി.ജെയുടെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനം അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവ് സമർപ്പിച്ചിട്ടില്ല.

ii. സമന്വയയിൽ ഒഴിവ് വിവരം രേഖപ്പെടുത്തിയതിൽ ശ്രീ.അനൂപ്.സി.ജെയെ സെൻട്രൽ യു.പി.സ്കൂൾ പുലാപ്പറ്റയിലേക്കുള്ള ഓഫീസ് അറ്റൻഡന്റ് ആയുള്ള സ്ഥാനക്കയറ്റ നിയമനമാണെന്ന് രേഖപ്പെടുത്തികാണുന്നു. എന്നാൽ നിയമന രേഖകളിലൊന്നും ഇക്കാര്യം രേഖപ്പെടുത്തിയിട്ടില്ല. ഇതിൽ വ്യക്തത ആവശ്യപ്പെട്ടെങ്കിലും ആയത് സമർപ്പിച്ചിട്ടില്ല.

iii. കോർപ്പറേറ്റ് മാനേജ്മെന്റ് ആകയാൽ മാനേജ്മെന്റിനു കീഴിൽ നിയമനം അംഗീകരിക്കാത്തവരുടെ ലിസ്റ്റ് ആവശ്യപ്പെട്ടത് സമർപ്പിച്ചിട്ടില്ല.

iv. ടി സ്കൂളിലെ ഹൈസ്കൂൾ വിഭാഗം ന്യൂ സ്കൂളാണ്. എന്നാൽ സംരക്ഷിതാദ്ധ്യാപക/ അനദ്ധ്യാപകരെ നിയമിച്ചിട്ടില്ല.

4.4. കൂടാതെ ടി നിയമനം ഭിന്നശേഷി സംവരണം പാലിച്ചുകൊണ്ടുള്ള നിയമനമാണോ എന്നും, ആണെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങൾ സമർപ്പിക്കുവാനും ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇതു സംബന്ധിച്ച രേഖകളൊന്നും മാനേജർ സമർപ്പിച്ചിട്ടില്ല. പ്രസ്തുത ഉത്തരവിനെതിരെ മാനേജർ പൊതു വിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെ റിവിഷൻ അപ്പീൽ സമർപ്പിച്ചു. ജില്ലാ വിദ്യാഭ്യാസ ഓഫീസ് തലത്തിൽ പരിഹരിക്കാവുന്ന തടസങ്ങൾ പരിഹരിക്കുന്നതിന് അവസരം നൽകുവാനും സംരക്ഷിത നിയമനം സംബന്ധിച്ച 23/01/2023 ലെ സർക്കാർ ഉത്തരവ് നം.2/2023/പൊ.വി.വ ഭിന്നശേഷി നിയമനം സംബന്ധിച്ച 24/03/2023-ലെ സർക്കാർ ഉത്തരവ് നം.29/2023/പൊ.വി.വ എന്നിവ പ്രകാരം പുനഃപരിഗണിക്കുവാനും ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശം നൽകുകയും 31/03/2023 ലെ നം.എച്ച്2/295299/2022/ഡി.ജി.ഇ പരിപത്രം, പ്രകാരമുള്ള നടപടികൾ പൂർത്തിയാക്കി, അപാകതകൾ പരിഹരിച്ച പ്രൊപ്പോസൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുമ്പാകെ പുനഃസമർപ്പിക്കുന്നതിന് മാനേജർക്കും നിർദേശം നൽകികൊണ്ട് 05/07/2023 ലെ നം.ഇ.എം.1/239682/2023 ഉത്തരവ് പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ അപ്പിൽ തീർപ്പാക്കി. എന്നാൽ, ശ്രീ.അനൂപ് സി.ജെയുടെ ഓഫീസ് അറ്റൻഡന്റ് തസ്തിക അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവ് സമർപ്പിക്കുന്നതടക്കമുള്ള അപാകതകൾ പരിഹരിച്ച് മാനേജർ അപേക്ഷ

പുനഃസമർപ്പിച്ചു കാണുന്നില്ല.

4.5. അടക്കാപ്പുത്തൂർ ശബരി പി.ടി.ബി.എസ്.എച്ച്.എസിലെ എഫ്.റ്റി.എംആയ ശ്രീ.വിനയ്.കെ.ആർ.നെ ഇതേ മാനേജ്മെന്റിന് കീഴിലുള്ള പള്ളിക്കുറുപ്പ് ശബരി ഹൈസ്കൂളിൽ റിട്ടയർമെന്റ് ഒഴിവിൽ 01/12/2021 മുതൽ ഓഫീസ് അറ്റൻഡന്റായി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ ശ്രീ.ഗിരിനാഥ്.ടിയെ എഫ്.റ്റി.എം ആയി 01/12/2021 മുതൽ മാനേജർ നിയമിച്ചു. പ്രസ്തുത സ്കൂളിൽ 12/01/2010ലെ സ.ഉ.(പി)നം.10/10/പൊ.വി.വ നം. ഉത്തരവ് , 08/03/2019-ലെ ജെ2/57/2019/പൊ.വി.വ നമ്പർ സർക്കുലർ പ്രകാരം 1:1 അനുപാതത്തിൽ സംരക്ഷിതാദ്ധ്യാപകരെ നിയമിച്ചുകൊള്ളാമെന്നുള്ള വ്യവസ്ഥയിൽ നിയമനാംഗീകാരം നേടിയിട്ടുണ്ട്. എന്നാൽ ഇത് പ്രകാരം സംരക്ഷിതാദ്ധ്യാപകരെ നിയമിച്ചിട്ടില്ല. കൂടാതെ ഭിന്നശേഷിക്കാർക്ക് സംവരണം ഏർപ്പെടുത്തിയിട്ടുള്ള കോമൺ കാറ്റഗറിയിൽപ്പെടുന്ന തസ്തികയിലാണ് പ്രസ്തുത നിയമനം. നിലവിൽ ഇത്തരം നിയമനങ്ങളുടെ അംഗീകാരം സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി അന്തിമ വിധി പുറപ്പെടുവിച്ചിട്ടില്ല എന്നീ കാരണങ്ങളാൽ 24/02/2022ലെ നടപടിക്രമം പ്രകാരം മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും ടി നിയമനം നിരസിച്ച് ഉത്തരവായി. പ്രസ്തുത ഉത്തരവിനെതിരെ മാനേജർ പാലക്കാട് വിദ്യാഭ്യാസ ഉപ ഡയറക്ടർ മുമ്പാകെ അപ്പീൽ സമർപ്പിച്ചു. എന്നാൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനം നിരസിക്കാനുണ്ടായ കാരണങ്ങൾ നിലനിൽക്കുന്നതിനാൽ ടി അപ്പീൽ നിരസിച്ചു. തുടർന്ന്, മാനേജർ പൊതു വിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെ അപ്പിൽ സമർപ്പിച്ചു. 18/11/2018-നു ശേഷമുള്ള പുതിയ നിയമനം ആയതിനാൽ ഭിന്നശേഷി നിയമന വ്യവസ്ഥകൾ പാലിക്കാതെ അംഗീകാരത്തിന് പരിഗണിക്കാനാവില്ല. അതിനാൽ ഭിന്നശേഷി നിയമനം സംബന്ധിച്ച ഹൈക്കോടതി വിധിന്യായവും സർക്കാർ ഉത്തരവുകളും പാലിച്ച ശേഷം നിയമന പ്രൊപ്പോസൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് പുനഃസമർപ്പിക്കുവാൻ അനുമതി നൽകിക്കൊണ്ട് പൊതു വിദ്യാഭ്യാസ ഡയറക്ടർ അപ്പീൽ ഹർജി നിരസിച്ചു.

4.6. അടക്കാപ്പുത്തൂർ ശബരി പി.ടി.ബി.എസ്.എച്ച്.എസ്-ലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി.അംബിക സി.പി. 31/05/2024-ന് വിരമിച്ച ഒഴിവിൽ ശ്രീ.ഗിരിനാഥ് ടി.-യെ 01/06/2024 മുതൽ മാനേജർ നിയമിച്ചു. എന്നാൽ പ്രസ്തുത നിയമന ഫയലിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ടായിരുന്നു.

i. അപേക്ഷ സമർപ്പിക്കുന്നതിന് 2 ദിവസത്തെ കാലതാമസം നേരിട്ടിരുന്നു.

ii. നിയമന ഉത്തരവ്, സി.എസ്. സ്റ്റേറ്റ്മെന്റ് എന്നിവയിൽ നിയമനാർത്ഥിയുടെ മേൽവിലാസം രേഖപ്പെടുത്തിയിട്ടില്ല.

iii. മാനേജർ ഡിക്ലറേഷനിൽ നിയമന കാലയളവ് 31/03/2025 വരെ എന്ന് രേഖപ്പെടുത്തിക്കാണുന്നു.

iv. നിയമനാർത്ഥിക്ക് ബിരുദ യോഗ്യത ഇല്ലെങ്കിൽ ആയത് സംബന്ധിച്ച സത്യപ്രസ്താവന സമർപ്പിക്കേണ്ടതാണെന്ന് കാണുന്നു.

v. സീനിയർ നിയമനാർത്ഥികളുടെ നിയമനം അംഗീകരിക്കാനുള്ളതായി കാണുന്നു.

vi. 01/01/2024 അംഗീകൃത സീനിയോറിറ്റി ലിസ്റ്റ് ആവശ്യമാണെന്ന് കാണുന്നു.

4.7. മേൽ സാഹചര്യത്തിൽ ടി നിയമനം മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിലെ 12/09/2024 ലെ നടപടിക്രമം പ്രകാരം നിരസിച്ചു.

4.8. ലാബ് അസിസ്റ്റന്റ് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റനിയമനം അംഗീകരിച്ചിട്ടില്ലാത്തതിനാൽ തസ്തികയും ഒഴിവും വ്യവസ്ഥാപിതമായിട്ടില്ലാത്തതിനാലും അധ്യായം 21 ചട്ടം 7(3) a പ്രകാരം സംരക്ഷിതനെ നിയമിച്ചിട്ടില്ലാത്തതിനാലും 01/06/2020 മുതലുള്ള ടി നിയമനത്തിന് ഭിന്നശേഷി സംവരണ വ്യവസ്ഥ പാലിക്കേണ്ടതിനാലും, ശ്രീ.ഗിരീഷ് എം.വി.യുടെ എഫ്.ടി.എം തസ്തികയിലെ നിയമനം പരിഗണനാർഹമല്ല. ശ്രീ.ഗിരിനാഥ് ടി.യുടെ നിയമനം സീനിയർ നിയമിതരുടെ നിയമനം അംഗീകരിക്കുന്ന മുറയ്ക്ക് മറ്റ് അപാകതകൾ പരിഹരിച്ചാൽ മാത്രമേ പരിഗണിക്കാൻ കഴിയൂ. ശ്രീ.അനൂപ്.സി.ജെയുടെ ഓഫീസ് അറ്റൻഡന്റ് തസ്തിക അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവ് സമർപ്പിക്കുന്നതടക്കമുള്ള അപാകതകൾ പരിഹരിച്ച് മാനേജർ അപേക്ഷ പുനഃസമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ പള്ളിക്കുറുപ്പ് ശബരി ഹൈസ്കൂളിലെ എഫ്.ടി.എം ആയ ശ്രീ.അജീഷ്.എം.ആർ.ന്റെ നിയമനം പരിഗണിക്കാൻ നിർവാഹമുള്ളൂ.

5. സർക്കാർ ഈ വിഷയം ഹിയറിങ് വേളയിലെ വാദഗതികളുടെയും സമർപ്പിക്കപ്പെട്ട രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും നിലവിലുള്ള നിയമങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.

5. സംരക്ഷിത അധ്യാപകരെ നിയമിച്ചില്ല, ഭിന്നശേഷി സംവരണം പാലിച്ചിട്ടില്ല, വ്യവസ്ഥാപിത ഒഴിവ് ഇല്ല എന്നീ കാരണങ്ങളാലാണ് നിയമനങ്ങൾ നിരസിക്കപ്പെട്ടത്.

6.. പാലക്കാട്, ശബരി പി.ടി.ബി.ഹയർ സെക്കന്ററി സ്കൂൾ, അടയ്ക്കപുത്തൂരിലെ ലാബ് അസിസ്റ്റന്റ് തസ്തികയിൽ ടി സ്കൂളിലെ എഫ്.ടി.എം ആയ ശ്രീ.പ്രസാദ്.എ.എൻനു 01/06/2020 മുതൽ ബൈ-ട്രാൻസ്ഫർ മുഖേന നിയമനം നൽകി അംഗീകാരത്തിനായി മാനേജർ, മലപ്പുറം ആർ.ഡി.ഡിയിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. ടി അപേക്ഷ മലപ്പുറം, മേഖലാ ഉപമേധാവി നിരസിച്ചതിനെ തുടർന്ന് സ്കൂൾ മാനേജർ അപ്പീൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

7. പ്രസ്തുത വിഷയം പരിശോധിച്ചപ്പോൾ കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21 അധ്യയന വർഷം സ്കൂൾ തുറന്ന് പ്രവർത്തിക്കുവാനോ നിയമനങ്ങൾ നടത്തുവാനോ പാടില്ലായെന്ന് 06/08/2020 തീയതിയിലെ സ.ഉ(സാധാ)നം. 123/2020/പൊവിവ സർക്കാർ ഉത്തരവ് നിലനിന്നിരുന്നു. ആയതിന്റെ അടിസ്ഥാനത്തിലാണ് 2020-2021 അധ്യയന വർഷത്തിലുള്ള ടിയാളുടെ നിയമനം ആർ.ഡി.ഡി നിരസിച്ചിരുന്നത്.

8. മേൽ സാഹചര്യത്തിൽ, ആർ.ഡി.ഡി.യുടെ തീരുമാനം ശരിവച്ചുകൊണ്ട് ടി സ്കൂൾ മാനേജർ സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ചുകൊണ്ട് ഉത്തരവായിരുന്നു.

9. ടി സ്കൂൾ കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള സ്കൂൾ ആണെന്ന് കാണുന്നു. ഈ മാനേജ്മെന്റിന് കീഴിൽ രണ്ട് സ്കൂളുകളാണ് നിലവിലുള്ളത് രണ്ട് സ്കൂളുകളിലായി നാല് ലാബ് അസിസ്റ്റന്റ് തസ്തികകൾ നിലവിലുണ്ട്. പ്രസ്തുത നാല് ലാബ് അസിസ്റ്റന്റ് തസ്തികകളിൽ ചട്ടപ്രകാരം ഒരെണ്ണം മാത്രമേ ബൈട്രാൻസ്ഫർ മുഖേന നികത്തുവാൻ സാധിക്കുകയുള്ളൂ. ടി മാനേജ്മെന്റിന് കീഴിലെ 4 ലാബ് അസിസ്റ്റന്റ് തസ്തികകളിൽ ഒരെണ്ണം (25%) ബൈ ട്രാൻസ്ഫർ മുഖേന നികത്തിയിട്ടുണ്ട് എന്ന് കാണുന്നു.

10. തുടർന്ന്, ശ്രീ.പ്രസാദ്.എ.എൻ.നു വീണ്ടും പ്രസ്തുത തസ്തികയിൽ 15/07/2021 തീയതി മുതൽ നിയമനം നൽകിയതായി അറിയിച്ച് മാനേജർ ആർ.ഡി.ഡി.യിൽ അപേക്ഷ പുനഃസമർപ്പിച്ചിരിക്കുന്നു. എന്നാൽ, പ്രസ്തുത നിയമനം ബൈ ട്രാൻസ്ഫർ ആണോ നേരിട്ട് ആണോ എന്നത് ശുപാർശയിൽ വ്യക്തമാക്കിയിട്ടില്ല. ബൈ ട്രാൻസ്ഫർ നിയമനത്തിൽ റേഷ്യോ 25 ശതമാനം അധികരിച്ച സാഹചര്യത്തിൽ ശ്രീ.പ്രസാദ്.എ.എൻ.ന്റെ ബൈ ട്രാൻസ്ഫർ നിയമനം അംഗീകരിക്കുവാൻ സാധിക്കുകയില്ല എന്നും ബൈ ട്രാൻസ്ഫർ നിയമനം അംഗീകരിക്കുവാൻ

സാധിക്കാത്ത സാഹചര്യത്തിൽ നേരിട്ടുള്ള നിയമനത്തിനായി ടിയാനെ പരിഗണിക്കേണ്ടതുണ്ടെങ്കിൽ ടിയാൻ എഫ്.ടി.എം തസ്തിക രാജിവച്ച് നേരിട്ടുള്ള നിയമന രീതിയിൽ ഭിന്നശേഷി സംവരണ വ്യവസ്ഥ പാലിച്ചുകൊണ്ട് നിയമിക്കപ്പെടേണ്ടതുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

11. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിയമനങ്ങൾ പരിശോധിക്കുമ്പോൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉന്നയിച്ച തടസ്സ വാദങ്ങൾ നിലനിൽക്കുന്നതായി കാണുന്നു. അതിനാൽ അപാകതകൾ പരിഹരിച്ച് മാനേജർ അപേക്ഷകൾ പുനഃസമർപ്പിക്കുന്ന മുറയ്ക്ക് നിയമനാംഗീകാരം പുനപരിശോധിക്കുവാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നല്കി ശ്രീ.എ.എൻ.പ്രസാദ് മുതൽപേർ ഫയൽ ചെയ്ത WPC 33485/2024-യിലെ 30.09.2024 തീയതിയിലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUNITHA S GEORGE

അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (അറിവിലേക്കായി)

ശ്രീ.എ.എൻ.പ്രസാദ്, ലാബ് അസിസ്റ്റന്റ്, ശബരി പി.റ്റി.ബി.എസ്.എച്ച്.എസ്.എസ്., അടയ്ക്കാപുത്തൂർ, പാലക്കാട്-679 503

ശ്രീ.ഗിരീഷ് എം.വി., ഓഫീസ് അറ്റൻഡന്റ്, ശബരി സെൻട്രൽ യു.പി. സ്കൂൾ, പുൽപ്പെറ്റ, പാലക്കാട്-678 632

ശ്രീ.കെ.അജയ്, ലോവർ ഗ്രേഡ് ഹിന്ദി ടീച്ചർ, ശബരി സെൻട്രൽ യു.പി. സ്കൂൾ, പുൽപ്പെറ്റ, പാലക്കാട്-678 632

ശ്രീ.ഗിരിനാഥ് റ്റി., ഓഫീസ് അറ്റൻഡന്റ്, ശബരി പി.റ്റി.ബി.എസ്. എച്ച്.എസ്.എസ്., അടയ്ക്കാപുത്തൂർ, പാലക്കാട്-679 503

ശ്രീ.അജീഷ് എം.ആർ., എഫ്.ടി.എം., ശബരി എച്ച്.എസ്.എസ്., പള്ളിക്കുറുപ്പ്, പാലക്കാട്-678 582

ശ്രീ.അഖിൽ കൃഷ്ണ എ., എഫ്.ടി.എം., ശബരി എച്ച്.എസ്.എസ്., പള്ളിക്കുറുപ്പ്, പാലക്കാട്-678 582

ശ്രീമതി. ഗീത പി., എഫ്.ടി.എം., ശബരി പി.റ്റി.ബി.എസ്. എച്ച്.എസ്.എസ്., അടയ്ക്കാപുത്തൂർ, പാലക്കാട്-679 503

മാനേജർ, ശബരി ചാരിറ്റബിൾ ട്രസ്റ്റ് സ്കൂൾസ്, അനുപമ, പുതുപ്പെരിയാരം പി.ഒ., പാലക്കാട് - 678

731

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം

മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കൻഡറി വിദ്യാഭ്യാസം, മലപ്പുറം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കുഴൽമന്നം, പാലക്കാട്

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചെർപ്പുളശ്ശേരി

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Salim M

Date: 02-09-2025 16:03:32

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.

പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.